LIBRARY ARCHIVES Kerala Legislative Assembly

വെള്ളപ്പൊക്കംമൂലം കേടുവന്ന റോഡുകൾ

* 99. [277] ശ്രീ. വി. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്കം മൂലം കേടുവന്ന റോഡുകൾ അടിയന്തിരമായി റിപ്പെയർ ചെയ്യുന്നതിനു ഗവണ്മെൻറിനു എന്തെങ്കിലും പദ്ധതിയുണ്ടോ :

(ബി) വെള്ളപ്പൊക്കംമൂലം കേടുവന്ന വില്ലേജു റോഡുകളുടെ റിപ്പെയറിനു ഗവണ്മെൻറു് വല്ല സഹായവും ചെയ്യാൻ തയാറാകുമോ ;

(സി) കൊല്ലം തോറുമുള്ള മെയിൻറനൻസിനു ആവശ്യമായി വരുന്ന സംഖ്യ ചെലവഴിക്കാൻ കഴിയാത്തതിൻെറ പേരിൽ വീതി കൂട്ടി മെറ്റൽ ചെയ്ത റോഡുകൾ ഏറെറടുക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകാൻ ഉദ്ദേശമുണ്ടോ ?

മരാമത്തു മന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ)

(എ) ഇക്കൊല്ലത്തെ വെള്ളപ്പൊക്കം മൂലം കേടുവന്ന റോഡുകൾ റിപ്പയർ ചെയ്യുന്ന കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണു്.

(ബി) പൊതുമരാമത്തു വകുപ്പിനോടുബന്ധമില്ലാത്ത വില്ലേജുറോഡുകളുടെ കാര്യത്തിൽ പൊതുമരാമത്തു വകുപ്പിൽ നിന്നു സഹായം ചെയ്യാൻ നിവൃത്യാഹമില്ല.

(സി) തദ്ദേശ പ്രാധാന്യത്തിൽ കൂടുതൽ പ്രാധാന്യമുള്ള റോഡുകൾ ഏറെറടുക്കുന്ന കാര്യം ഗവണ്മെൻറു് പരിഗണിച്ചുവരികയാണു്.

അപകടനിലയിലുള്ള പാലങ്ങൾ

* 100. [278] ശ്രീ. എം. കെ. ജോർജ്ജു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു പൊതു പ്രാധാന്യമുള്ളതും ഇപ്പോൾ അപകടനിലയിൽ ഇരിക്കുന്നതുമായ എത്ര പാലങ്ങൾ ഉണ്ടു് ;

(ബി) അവ പുതുക്കി പണിയുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ടോ ;

(സി) കോട്ടയത്തുള്ള നാഗമ്പടം, കഞ്ഞിക്കുഴി, ഇല്ലിക്കൽ തുടങ്ങിയ പാലങ്ങൾ പുതുതായി പണി കഴിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മരാമത്തു മന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ)

(എ. ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) നാഗമ്പടം പാലത്തിൻെറ ഡിസൈൻ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണു്. ഇല്ലിക്കൽ പാലത്തിൻെറ ഇൻവെസ്റ്റിഗേഷൻ നടക്കുന്നു. കഞ്ഞിക്കുഴി പാലം പുതുക്കിപ്പണിയുന്നതിനുവേണ്ടിയുള്ള പ്രാരംഭനടപടികൾ നടത്തുന്നുണ്ടു്. പ്രാരംഭനടപടികൾ പൂർത്തിയായതിനു ശേഷം പണത്തിൻെറ ലഭ്യതയനുസരിച്ചു് പാലങ്ങളുടെ പണി നടത്തുന്നതാണു്.

കയർ വ്യവസായ പുനരുദ്ധാരണം

* 101. [279] ശ്രീ ടി. എ. മജീദു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ ;

(എ) കയർ വ്യവസായ പുനരുദ്ധാരണത്തിനു് വേണ്ടിയുള്ള പദ്ധതി എപ്പോൾ നടപ്പിലാക്കാമെന്നാണു് ഗവണ്മെൻറു് ഉദ്ദേശിച്ചിട്ടുള്ളതു്;

(ബി) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്കുവേണ്ടി കേന്ദ്ര ഗവണ്മെന്റ് എന്തൊക്കെ സഹായം നൽകാമെന്നാണ് സമ്മതിച്ചിട്ടുള്ളത് ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഒരു മാസത്തിനുള്ളിൽ നടപ്പിൽ വരുത്തുന്നതാണ്.

(ബി) പദ്ധതിയുടെ കോപ്പി ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വിതരണം നടത്തിയിട്ടുണ്ട്.

(സി) കയർ വ്യവസായത്തിന്റെ വിവിധ വശങ്ങളെപ്പറ്റി പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളതിൽ കവിഞ്ഞ് യാതൊന്നും സമ്മതിച്ചിട്ടില്ല.

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലുള്ള നിയമനങ്ങൾ

102. [280] ശ്രീ. എം. രാമുണ്ണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലുള്ള നിയമനങ്ങളിൽ ഹരിജനങ്ങൾക്ക് പ്രാതിനിദ്ധ്യം ലഭിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടി കൾ ഈ ഗവണ്മെന്റ് എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ, ബി) നിയമനങ്ങൾ നടത്തുന്നതിനുവേണ്ടി ആലോചനയിലിരിക്കുന്ന പുതിയ നടപടിക്രമം നടപ്പിൽ വരുമ്പോൾ പ്രാതിനിദ്ധ്യത്തിന്റെ പ്രശ്നം പരി ഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്.

സ്റ്റോറിലെ സ്പിന്നിംഗ് മില്ലുകൾ

103. [283] ശ്രീ. എൻ. കെ. ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറുടമയിലും സഹകരണമേഖലയിലുമായി സ്റ്റോറിൽ ആകെ എത്ര സ്പിന്നിങ്ങ് മില്ലുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) കണ്ണൂർ സഹകരണമില്ലിന്റെ വിപുലീകരണത്തിന് കേന്ദ്ര ഗവണ്മെ ന്റ് കൂടിശ്ശികൾ അനുവദിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിപുലീകരണം എപ്പോൾ പൂർത്തിയാകും ;

(ഡി) വിപുലീകരണത്തിന് വേണ്ടുന്ന സംഖ്യ മുഴുവനും ഗവണ്മെൻറ് അനു വദിക്കുമോ ;

(ഇ) ഇല്ലെങ്കിൽ എങ്ങിനെയാണ് വിപുലീകരണം സാധിക്കുക ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) രണ്ട്.

(ബി) ഉണ്ട്.

(സി) 30-6-1970-നു മുമ്പ് പൂർത്തിയാകും.

LIBRARY ARCHIVES Kerala Legislative Assembly